# എ യു പി സ്കൂൾ മണ്ണഴി

# വിഷൻ - 25-26

# അക്കാദമിക

# മാസ്റ്റർ പ്ലാൻ



# ഉള്ളടക്കം


1 . അടിസ്ഥാന വിവരങ്ങൾ
2 . ആമുഖം
3 . വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
4 . ലക്ഷ്യങ്ങൾ
5 . മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തങ്ങൾ - ഒറ്റനോട്ടത്തിൽ
6 . അക്കാദമിക പ്രവർത്തനങ്ങൾ
7 . അക്കാദമിക പ്രവർത്തനങ്ങൾ - വിഷയാടിസ്ഥാനത്തിൽ
8 . ഉപസംഹാരം

- **അനുബന്ധം**

1 . വിദ്യാലയത്തിന്റെ സ്കെച്ചും സൈറ്റ് പ്ലാനും
2 . കുട്ടികളുടെ എണ്ണം പട്ടിക ([redacted])
3 . മികവുകൾ, നേട്ടങ്ങൾ ([redacted])
4 . സ്കൂൾ ചുമതലാവിഭജനം
5 . സ്കൂൾ തല കമ്മിറ്റികൾ

# 1. അടിസ്ഥാന വിവരങ്ങൾ

## എ.യു.പി. സ്കൂൾ മണ്ണഴി

### അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : എ.യു.പി. സ്കൂൾ മണ്ണഴി |
| 2. | വിലാസം | : ചേങ്ങോട്ടൂർ (പി.ഒ)<br>കോട്ടക്കൽ (വഴി )<br>മലപ്പുറം ജില്ല - 676503<br>ഫോൺ: 04832705972 |
| 3. | സ്കൂൾ കോഡ് | : 18469 |
| 4. | വിദ്യാഭ്യാസ ഉപജില്ല | : മലപ്പുറം |
| 5. | വിദ്യാഭ്യാസ ജില്ല | : മലപ്പുറം |
| 6. | റവന്യൂ ജില്ല | : മലപ്പുറം |
| 7. | ബി. ആർ. സി | : മലപ്പുറം |
| 8. | ഗ്രാമപായത്ത് | : പൊന്മള |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : മലപ്പുറം |
| 10. | ജില്ലാ പഞ്ചായത്ത് | : മലപ്പുറം |
| 11. | നിയസഭാ മണ്ഡലം | : കോട്ടക്കൽ |
| 12. | ലോക സഭാ മണ്ഡലം | : പൊന്നാനി |
| 13. | താലൂക്ക് | : തിരൂർ |
| 14. | വില്ലേജ | : പൊന്മള |
| 15. | ഇ മെയിൽ | : mannazhiaups@gmail.com |

# 2. ആമുഖം

ആയുർവേദ നഗരിയായ കോട്ടക്കൽ നിന്നും പത്തു കിലോമീറ്റർ കിഴക്കുമാറി, ടിപ്പുവിന്റെ പടയോട്ട വഴിത്താരകളും, വിശാലമായ നെൽപ്പാടങ്ങളും കടന്നു ചെല്ലുന്നത് കുന്നുകളാൽ ചുറ്റപ്പെട്ട കോട്ടപ്പുറം അങ്ങാടിയിലേക്കാണ്.

സാമൂതിരി, കിഴക്കേ കോവിലകം കളങ്ങളിലൊന്നായ, കാർഷിക സമൃദ്ധിയുടെ പ്രൗഢിയാൽ പുകഴ് പെറ്റ 'കോൽക്കളം' !

"നിലങ്ങൾ പത്തും പന്ത്രണ്ടും പന്തല്ലൂരും, വിശേഷിച്ചെന്റെ കോൽക്കളം"..........എന്നിങ്ങനെ കിഴക്കേ കോവിലക ലിഖിതങ്ങളിൽ തിളങ്ങുന്ന മൊഴിമുത്തുകൾ ചിതറി വീണ ഈ പ്രദേശത്ത് - മണ്ണഴി കോട്ടപ്പുറത്ത്- ചരിത്ര സ്മൃതികളുറങ്ങുന്ന ഒരു മഹാ വിദ്യാലയം- 'മണ്ണഴി സ്കൂൾ' എന്ന എ.യു.പി. സ്കൂൾ മണ്ണഴി .

പടയോട്ടങ്ങളും കാർഷിക സമരങ്ങളും നടന്ന ചരിത്ര ഭൂമികയായ മണ്ണഴിയിലെ പാവപ്പെട്ട കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടെയും ജന്മിമാരുടേയുമൊക്കെ മക്കൾ ജാതി ഭേദമന്യേ ഇവിടെ ഒന്നിച്ചിരുന്നു പഠിച്ചാണ് വിജയത്തിന്റെ പടവുകൾ കയറി ജീവിതം കരുപ്പിടിച്ചത്.

അതി പ്രഗത്ഭരായ ഒട്ടേറെ അധ്യാപകർ വിദ്യ പകർന്നു കൊടുത്ത ഈ മഹാ വിദ്യാലയത്തിന്റെ പ്രൗഢിക്ക് ചരിത്ര ഏടുകൾ ഏറെ മറഞ്ഞു പോയെങ്കിലും ഇന്നും ഒട്ടും കോട്ടം തട്ടിയിട്ടില്ല.

പൊന്നിൻമുള പൊട്ടുന്ന 'പൊന്മുള' ഗ്രാമം എന്ന് മഹാകവി പി. കുഞ്ഞിരാമൻ നായർ വിശേഷിപ്പിച്ച പൊന്മള പഞ്ചായത്തിന്റെ കാർഷിക കലവറയായിരുന്ന മണ്ണഴിയിൽ 1925 ലാണ് ഈ മഹാവിദ്യാലയത്തിന്റെ ഔദ്യോഗിക പിറവി. സ്കൂൾ ആരംഭിക്കുമ്പോൾ 77 വിദ്യാർത്ഥികളും 3 അധ്യാപകരും മാത്രമാണ് ഇവിടെ ഉണ്ടായിരുന്നത്. കുറ്റിപ്പുറം സ്വദേശി ശ്രീ. സി.കുഞ്ഞുണ്ണി നായരായിരുന്നു പ്രഥമ പ്രധാനാധ്യാപകൻ. പ്രാഥമിക വിദ്യാലയമായി ആരംഭിച്ച ഈ സ്ഥാപനത്തിൽ 1946 മുതൽ അഞ്ചാം തരവും 1952 ൽ ഏഴാം തരവും നിലവിൽ വന്നു. 1953 മുതൽ എട്ടു കൊല്ലം ഇ.എസ്. എസ്.എൽ. സി. കോഴ്സും (എട്ടാം തരം) നിലവിലുണ്ടായിരുന്നു.

കൂരിയാട് സ്വദേശി പറമ്പാടൻ ഉണ്ണീൻകുട്ടി മൊല്ലയായിരുന്നു വിദ്യാലയത്തിന്റെ സ്ഥാപകൻ. രണ്ടു വർഷത്തോളം അദ്ദേഹം മാനേജരായി തുടർന്ന്. അതിന് ശേഷം സ്കൂൾ മാനേജ്മെന്റ് കൈമാറ്റം ചെയ്യപ്പെടുകയും സാമൂതിരി കോവിലക പ്രവർത്തിക്കാരനായിരുന്ന ശ്രീ. പയ്യക്കാൽ മാധവ മേനോനായിരുന്നു പുതിയ മാനേജർ. 1935 ൽ സ്കൂൾ മാനേജരായി കോൽകളം പ്രദേശത്തെ പൗര പ്രധാനിയായിരുന്ന ഒളകര കുഞ്ഞിമുഹമ്മദ് സാഹിബ് ചുമതലയേറ്റു. ഇതിനെ തുടർന്ന് സ്കൂൾ ഇന്ന് പ്രവർത്തിച്ചു വരുന്ന സ്ഥലത്തേക്ക് മാറ്റുകയും ആവശ്യമായ കെട്ടിടങ്ങൾ നിർമിക്കുകയും ചെയ്തു.

മാനേജർ കുഞ്ഞിമുഹമ്മദ് സാഹിബിന്റെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ മൂത്ത പുത്രൻ അഹമ്മദ് ഹാജി മാനേജരായി ചുമതലയേറ്റു. 1967 ൽ സ്കൂൾ മാനേജ്മെന്റ് വീണ്ടും കൈമാറ്റം ചെയ്യപ്പെടുകയും ശ്രീ. കെ. പി. നാരായണൻ നായർ മാനേജരായി ചുമതലയേൽക്കുകയും ചെയ്തു. 1985 മാർച്ച് 31 നു അദ്ദേഹം മരണമടഞ്ഞതിനെ തുടർന്ന് അദ്ദേഹത്തിന്റെ ഭാര്യ കാരാട്ട് കുഞ്ഞി ലക്ഷ്മി 'അമ്മ മാനേജരായി ചുമതലയേറ്റു. അവരുടെ മരണ ശേഷം 1999 മുതൽ അവരുടെ മക്കൾ രൂപം നൽകിയ ട്രസ്റ്റിനാണ് മാനേജ്മെന്റിന്റെ ചുമതല. ട്രസ്ററ് ബോർഡ് തെരഞ്ഞെടുത്ത ശ്രീമതി . കാരാട്ട് ശ്രീദേവിയാണ് 1999 മുതൽ തുടർന്ന് വരുന്നത്.

പൊന്മള പഞ്ചായത്തിലെ സാംസ്കാരിക ഭൂമിക എന്നു വിശേഷിപ്പിക്കാവുന്ന മണ്ണഴി പ്രദേശത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിന് അതി പ്രധാനമായ ഒരു പങ്കുവഹിച്ച സ്ഥാപനമാണ് മണ്ണഴി എ. യു. പി. സ്കൂൾ. ആയിരങ്ങൾക്ക് അക്ഷര വെളിച്ചം പകർന്നു കൊടുത്ത ഈ സ്ഥാപനം ഇന്ന് മികവിന്റെ പാതയിലാണ്. അഞ്ഞൂറോളം വിദ്യാർത്ഥികളും 24 അധ്യാപകരും ഉള്ള ഒരു മികച്ച കലാലയമാണ് ഇന്ന് മണ്ണഴി സ്കൂൾ. സ്കൂളിനോടനുബന്ധിച്ച് ഒരു പ്രീ പ്രൈമറി ക്ളാസും നടത്തിവരുന്നുണ്ട്.

## മികവിന്റെ പാതയിലൂടെ...

മലപ്പുറം ഉപജില്ലയിലെ മികച്ച സ്കൂളായ മണ്ണഴി സ്കൂൾ പഠന നിലവാരത്തിലും കല കായിക രംഗങ്ങളിലും ഏറെ മികവ് പുലർത്തുന്നു. 2013-14 അധ്യയന വർഷത്തിൽ ഈ വിദ്യാലയത്തിലെ അധ്യാപകൻ ശ്രീ. പി. വി. മോഹനൻ മാസ്റ്റർക്ക് ദേശീയ പുരസ്കാരം ലഭിച്ചത് ഈ വിദ്യാലയത്തിന്റെ മികവ് ദേശീയ ശ്രദ്ധയാകർഷിച്ചതിനു തെളിവാണ്.

## മികവുകൾ , തിളക്കങ്ങൾ

- 1998 ൽ മലപ്പുറം ഉപജില്ലയിലെ മികച്ച സ്കൂൾ (പഠന നിലവാരം )
- മികച്ച 'ലിറ്റിൽ സയൻസ്' സ്കൂൾ ശാസ്ത്ര മികവ്.
- ഏഴു വർഷം തുടർച്ചയായി മലപ്പുറം ഉപജില്ലയിലെ കായികമേള ജേതാക്കൾ
- LSS -USS വിജയങ്ങൾ
- ശാസ്ത്ര- കലാ-' കായിക മേളകളിൽ പഞ്ചായത്തിലെ മികച്ച പ്രകടനം.
- പഞ്ചായത്ത് ശാസ്ത്രോത്സവ ജേതാക്കൾ.
- 20 വർഷം പൂർത്തിയാക്കിയ ഇൻലൻഡ് മാഗസിൻ – ' മുകുളം' കേരളത്തിലെ ആദ്യത്തെ സ്കൂൾ ഇൻലൻഡ് മാസിക
- മികവ് അവതരണത്തിലെ മികച്ച സ്കൂൾ (ഉപജില്ലാ, പഞ്ചായത്ത്)
- മലപ്പുറം ഉപജില്ലയിലെ മികച്ച ' വിദ്യാരംഗം' സ്കൂളുകളിലൊന്ന്."

## ...കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

...മികവിന്റെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുകയാണെങ്കിലും സ്...ൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും പരിമിതികളും ഏറെയാണ്.

- 'കാമ്പസ് ഒരു തുറന്ന പാഠ പുസ്തകം' എന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ -ഉദാ:- ജൈവ വൈവിധ്യ ഉദ്യാനം, ഔഷധോദ്യാനം, തുടങ്ങിയവ സ്ഥല പരിമിതി മൂലം യാഥാർഥ്യമാക്കാനാവുന്നില്ല.
- ശാസ്ത്ര പഠനം മികവുറ്റതാക്കാൻ 'ഹൈടെക് ശാസ്ത്ര ലാബ്' നിർമിക്കാൻ കഴിഞ്ഞില്ല.
- വിദ്യാലയത്തെ ഹൈടെക് വിദ്യാലയമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുടെ അഭാവം.
- എല്ലാ ക്ളാസ് മുറികളിലും ICT പഠന സൗകര്യമില്ലായ്മ .
- ഡിജിറ്റൽ സ്കൂൾ ലൈബ്രറി ഇല്ല.
- എല്ലാ ക്ളാസ് മുറികളിലും 'ക്ളാസ് ലൈബ്രറി' സജ്ജമാക്കിയിട്ടില്ല.
- മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ സംവിധാനങ്ങളുടെ അഭാവം. ബയോ ഗ്യാസ് പ്ലാന്റ് ഇല്ല
- ചിത്ര മതിലുകളോ ചിത്ര ചുമരുകളോ ഇല്ല.
- സാമൂഹ്യ ശാസ്ത്ര - ഗണിത ശാസ്ത്ര പഠനത്തിന് സഹായിക്കുന്ന വിധത്തിൽ പ്രത്യേക ലാബ് സൗകര്യങ്ങൾ കുറവ്.
- ഇ- ടോയ്‌ലെറ്റ് സൗകര്യം / ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ.
- പ്രീ പ്രൈമറി,1,2 ക്ളാസ്സുകൾക്ക് അനുയോജ്യമായ കളിയുപകരണങ്ങളുടെ കുറവ്.

## സ്കൂളിൽ നിലവിലുള്ള മാതൃക പ്രവർത്തനങ്ങൾ

- 'മുകുളം ഇൻലൻഡ് മാഗസിൻ' – 20 വർഷമായി സ്കൂളിൽ നിന്നും പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന കുഞ്ഞു മാസിക (1998-2025 ) കേരളത്തിലെ ആദ്യത്തെ സ്കൂൾ ഇൻലൻഡ് മാഗസിൻ.
- 'മുകുളം ചിൽഡ്രൻസ് ക്ലബ്ബ്'– പാഠഭാഗത്തോടനുബന്ധിച്ച് വ്യത്യസ്തമായ പഠന പ്രവർത്തനങ്ങൾ-പഠന യാത്രകൾ എന്നിവ സംഘടിപ്പിച്ചു.(2004 )
- മുകുളം 'പറക്കും പുൽച്ചാടി' വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു.
- മുകുളം 'സ്പേസ് ക്ലബ്ബ്' ബഹിരാകാശത്ത യാത്ര പദ്ധതിയെകുറിച്ചതും, നൂതന സാങ്കേതിക വിദ്യകൾ, ശാസ്ത്ര രംഗത്തെ കണ്ടുപിടുത്തങ്ങളെ കുറിച്ചും അറിവ് നൽകുന്നു.

- മുകുളം 'പക്ഷിക്കൂട്ട്' പക്ഷിനിരീക്ഷണ ക്ലബ്ബ് .
- റേഡിയോ മുകുളം - 'സ്കൂൾ റേഡിയോ'.
- 'പിറന്നാൾ മധുരം' സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളുടെയും ജന്മദിനം ' റേഡിയോ വഴി ' ആഘോഷിക്കുന്നു.
- 'ഹൃദയ പൂർവ്വം' - ഭിന്ന ശേഷിക്കാരായ വിദ്യാർത്ഥികൾക്ക് വേണ്ടി സ്പെഷ്യൽ പ്രവർത്തനങ്ങൾ.
- 'സുരക്ഷ'- വിദ്യാർത്ഥികളുടെ സുരക്ഷിതത്വം, ലഹരി വിരുദ്ധ പ്രവർത്തങ്ങൾ.
- 'സാക്ഷരം' - പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി.
- കമ്മ്യൂണിക്കേറ്റിവ് ഇംഗ്ലീഷ്-ഇംഗ്ലീഷ് ആശയ വിനിമയം നടത്തുന്നതിനായി
- ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷ് വില്ലജ് - ഇംഗ്ലീഷ് പഠന മികവും അനായാസം ആശയ വിനിമയം നടത്തുന്നതിനും.
- DOSE - DAILY ONE SCIENCE EXPERIMENT PROGRAMME
- സ്കൗട്ട് ആൻഡ് ഗൈഡ്സ്
- സ്കൂൾ ഡയറി
- മലയാളതിളക്കം
- ശ്രദ്ധ
- ഹലോ ഇംഗ്ലീഷ്
- വിദ്യാരംഗം
- കരാട്ടെ പരിശീലനം

**<u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>**

**<u>പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ</u>**

- സമഗ്ര വിദ്യാലയ വികസന രേഖ രൂപപ്പെടുത്തുന്നതിനായി 29-11- 2017 ന് സ്കൂൾ കോർ ഗ്രൂപ്പ് യോഗം ചേർന്ന് കാഴ്ചപ്പാട്-രൂപരേഖ-ചർച്ച ചെയ്തു.
- 30 - 11 -2017 ന് ഒന്നാംഘട്ട SRG വിളിച്ചു ചേർത്ത് അക്കാദമിക മാസ്റ്റർ പ്ലാൻ -കാഴ്ചപ്പാട്-ചർച്ച ചെയ്തു.

Acadamic Master Plan. 2025-26.

CLASS - I

| | | | | |
|---|---|---|---|---|
| ഇഷ്ടപ്പെട്ട പ്രമേയത്തെ ആസ്പദമാക്കി സ്വന്തമായി കഥകൾ നിർമ്മിക്കുന്നതിന് കഴിവ് നേടുന്നു | • ശില്പശാല<br>• കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവ അടങ്ങിയ ചിത്രങ്ങൾ വ്യാഖ്യാനിച്ച് സ്വതന്ത്രാഖ്യാനം നടത്തുന്നു.<br>• ചിത്രസൂചനകളിൽ നിന്ന് കഥ വികസിപ്പിച്ചെടുക്കുന്നു | ജനുവരി-മാർച്ച് | SRG<br>ടീച്ചർ<br>CPTA | |
| • വായനാസാമഗ്രികൾ പരസഹായമില്ലാതെ വായിക്കുന്നു | • ക്ലാസ് തല ലൈബ്രറി<br>• വീട്ടിലൊരു ലൈബ്രറി<br>• വായിച്ച സംഭവങ്ങളുടെ സ്വതന്ത്ര ആവിഷ്കാരം | ഡിസംബർ-മാർച്ച് | SRG<br>CPTA<br>ടീച്ചർ | |
| • മനസ്സിൽ തോന്നിയ അനുഭവങ്ങളുമായി ബന്ധപ്പെട്ട് പ്രധാന കാര്യങ്ങൾ രേഖപ്പെടുത്തുന്നു. | • സംയുക്ത ഡയറി | ജൂലൈ-മാർച്ച് | ടീച്ചർ<br>രക്ഷിതാവ് | |

## ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം-സമയം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • നിത്യജീവിതവുമായി ബന്ധപ്പെട്ട് 1 മുതൽ 100 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക | • മഞ്ചാടി സമ്പി<br>• TB ഗണിതമിഠായി പ്രവർത്തനങ്ങൾ | ജൂലൈ - സെപ്റ്റംബർ | രക്ഷിതാവ് ടീച്ചർ | |
| • നിത്യജീവിതവുമായി ബന്ധപ്പെട്ട് അളവുകൾ നാണയങ്ങൾ, കലണ്ടർ പരിചയപ്പെടുകയും അതുമായി ബന്ധപ്പെട്ട് നിത്യജീവിത പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യുന്നു | • നാണയ പ്രദർശനം<br>• ഗണിതപാട്ടുകൾ<br>ഗണിതമിഠായി TB പ്രവർത്തനങ്ങൾ<br>• ഫോൾഡർ | ആഗസ്റ്റ് - ജനുവരി | രക്ഷിതാവ് SRG ടീച്ചർ | |

| | | | | |
|---|---|---|---|---|
| • Listen to narratives & teacher talks and show signs of understanding verbally & non-verbally | Video presentation stories and Rhymes Tr. interactions School Assembly | June – march | SRG CPTA Teacher | |
| • Read and Comprehend simple conversations and Descriptions | Group Reading Class Library Tr. model Reading | June – march | Teacher | |
| • Write descriptions and Dialogues & Add their own lines by substituting words | English Workbook word/sentence game | Aug – March | Teacher | |

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

മലയാളം, പരിസരപഠനം, ഗണിതം, ഇംഗ്ലീഷ്

STD : 2

## 3 : മലയാളം മധുരം

### പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

സാമ്പത്തികം PTA , BRC ( RS : 3000 )

## 4 സംയുക്ത ഡയറി

ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. - ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)

- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)

- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.

- സാമ്പത്തികം - CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

### ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷകരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം)

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം – **BRC ( RS : 1000 )**

## 6 സചിത്ര പുസ്തകം.

- ലക്ഷ്യപ്രസ്താവനകൾ -

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ

( ജൂൺ )

- ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ് - സാമ്പത്തികം CPTA ( RS : 5000 )

## 7 റീഡേഴ്സ് തിയേറ്റർ

- ലക്ഷ്യപ്രസ്താവനകൾ -

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

-_ പ്രവർത്തന ഘട്ടങ്ങൾ. - - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- _CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

-_ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ ]

- എല്ലാ കുട്ടികളെയും പങ്കാളികളാക്കി പാഠഭാഗങ്ങൾ തിരെഞ്ഞെടുത്ത ലഘു ബാലസാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു ( ജൂലൈ -മാർച്ച് )

- മികച്ചത് ബാലസഭയിൽ ( എല്ലാമാസവും)

- ഭാഷോത്സവത്തിൽ മികച്ചത് അവതരണം (ഫെബ്രുവരി )

- ചുമതല -ക്ലാസ് ടീച്ചർ.

- സാമ്പത്തികം -BRC RS ( 1000 )

## 8 നാട്ടുവിശേഷം കൂട്ടെഴുത്ത്

- ലക്ഷ്യപ്രസ്താവനകൾ -

- പരിസര പഠനത്തിലൂടെ ഭാഷാ പഠന സാധ്യതകൾ ഒരുക്കുന്നു.

- _ പ്രകൃതി നിരിക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

- നിരിക്ഷണം മുതൽ പരിക്ഷണം വരെയുള്ള പ്രക്രിയാ ശേഷികൾ ഉറപ്പുവരുത്തി ക്ലാസ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

- മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കാൻ കഴിയുന്നു

-പാഠപുസ്തകങ്ങളിലെ ആശയങ്ങൾക്കനുയോജ്യമായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ കഴിയുന്നു.

- - പ്രവർത്തന ഘട്ടങ്ങൾ.

- SRG യിൽ അ വ ത ര ണം (ജൂൺ) പ്രകൃതി നടത്തം ഫീൽഡ് ട്രിപ്പ് എന്നിവ SRG യിൽ ആസൂത്രണം ചെയ്യുന്നു (ജൂൺ)

- **PTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.(ജൂലൈ )**

- പാഠ ഭാഗത്തിനനുയോജ്യമായ പ്രകൃതി പഠന സാധ്യതകൾ കണ്ടെത്തി ആസൂത്രണം ( ജൂലൈ to മാർച്ച്)

ചുമതല : ക്ലാസ് ടീച്ചർ , CPTA , SRG

സാമ്പത്തികം : CPTA , BRC ( RS : 1000 )

## 9 - ക്ലാസ് പത്രം

- _ ലക്ഷ്യപ്രസ്താവനകൾ

- - - ഭാഷാ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കുന്നു

- രചനാശേഷി പരിപോഷിപ്പിക്കുന്നു -

- വ്യത്യസ്ത പഠത തന്ത്രങ്ങളിലൂടെ ഭാഷാപഠനം സാധ്യമാക്കുന്നു.

- സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

- ദൈനംദിന അനുഭവങ്ങൾ വാർത്താ രൂപത്തിൽ തലക്കെട്ടോടെ എഴുതാൻ കഴിയുന്നു

- __ പ്രവർത്തന ഘട്ടങ്ങൾ

- - ക്ലാസ് പത്രം ലക്ഷ്യങ്ങളും പ്രവർത്തന ക്രമങ്ങളും SRG യിൽ അവതരിപ്പിക്കുന്നു ( ജൂലൈ അവസാനം)

- CPTA യിൽ പദ്ധതി അവതരിപ്പിക്കുന്നു. പിന്തുണ ഉറപ്പാക്കുന്നു ( ജൂലൈ അവസാനം)

- കണ്ടെത്തലുകളുടെ അവതരണം ( ജൂലൈ - മാർച്ച്)

- കൂട്ടെഴുത്ത് നടക്കുന്നു ജൂലൈ :- മാർച്ച്)

- പതിപ്പ് തയ്യാറാക്കൽ, പതിപ്പുകളുടെ പ്രദർശനം രചനോത്സവത്തിൽ, മികച്ചവ ഭാഷോത്സവത്തിൽ അവതരണം (ജനുവരി) ചുമതല -ക്ലാസ് ടീച്ചർ - സാമ്പത്തികം - PTA (RS :1000)

## 10 - രചനോത്സവം

- ലക്ഷ്യപ്രസ്താവനകൾ

- എല്ലാ കുട്ടികളും രചനാ പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.

- രചനാ പ്രവർത്തനങ്ങളിൽ വൈവിധ്യങ്ങളായ പഠനതന്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു.

- കൃത്യമായ ഇടവേളകളിൽ ക്ലാസ് തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

- _ പ്രവർത്തന ഘട്ടങ്ങൾ;

- SRG യിൽ അംഗീകാരം വാങ്ങുന്നു.c ജൂൺ രണ്ടാം വാരം

- CPTA യിൽ പിന്തുണ ഉറപ്പാക്കുന്നു ( ജൂൺ 3-ാം വാരം

- പ്രതിമാസ രചനോത്സവം ജൂലൈ to ഫെബ്രുവരി)

- രചനോത്സവത്തിന്റെ ഭാഗമായുള്ള രചനകൾ പ്രസിദ്ധീകരിക്കൽ(സെപ്റ്റംബർ, ഡിസംബർ 1 മാർച്ച് )

- വ്യക്തിഗത രചനകൾ പ്രസിദ്ധീകരിക്കൽ() മാർച്ച്)

ചുമതല : ക്ലാസ്സ്ടീച്ചർ , CPTA

സാമ്പത്തികം : CPTA , BRC ( RS : 2000)

## 11 വായനോത്സവം

### ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുന്നു.

കുട്ടികളിൽ വായനാശീലം വളർത്തുന്നു

ലൈബ്രറി പ്രയോജനപ്പെടുത്തുന്നു.

വായനാ കുറിപ്പ് തയ്യാറാക്കുന്നു

### പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ അംഗീകാരം വാങ്ങുന്നു. (ജൂൺ ആദ്യവാരം)

CPTA യിൽ ചർച്ച ചെയ്യുന്നു രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കുന്നു.

(ജൂലൈ ആദ്യവാരം)

ഓരോ മാസവും വായനോത്സവം നടത്തുന്നു.

അമ്മ വായന ജൂലൈ മാർച്ച്)

മാതൃകാ വായന അധ്യാപകർ (ജൂലൈ - മാർച്ച്)

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

### സാമ്പത്തികം

CPTA , BRC (RS : 5000 )

## -12 - ഭാഷോത്സവം

### - ലക്ഷ്യപ്രസ്താവനകൾ

- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

- കുട്ടികളുടെ സ്വതന്ത്ര രചനക്ക് സാധ്യത ഒരുക്കുന്നു.

- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുന്നു

- ആശയങ്ങളെ / അനുഭവങ്ങളെ വിവിധ വ്യവഹാര രൂപങ്ങളിലൂടെ പ്രകടിപ്പിക്കാൻ കഴിയുന്നു.

### - പ്രവർത്തന ഘട്ടങ്ങൾ

-ഭാഷോത്സവം SRG യിൽ ആസൂത്രണം ചെയ്യുന്നു.

- PTA യിൽ പിന്തുണ ഉറപ്പാക്കുന്നു.

- പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ സഹകരണം ഉറപ്പാക്കുന്നു

- ഭാഷോത്സവത്തിന്റെ ഭാഗമായി അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യുന്നു

- പ്രദർശനത്തിനുള്ള മുന്നൊരുക്കങ്ങൾ ചെയ്യുന്നു.

- ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.

- സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

<u>ചുമതല</u> : ക്ലാസ്സ് ടീച്ചർ , CPTA , BRC

<u>സാമ്പത്തികം : SRG , CPTA ( RS : 3000 )</u>

അക്കാദമിക മാസ്റ്റർ പ്ലാൻ

Std : 2

English

Academic master plan

--------------------  English

Aim . : To speak, Read, & write English without any mistakes

Time - June to march

PRETEST

To check the vocabulary and writing skills of pupils.

June and July

-To develop listening skills & reading skills

Listening skills

1-Games, Action songs Hello English activities
,2 -conversations, skit stories
Use ICT
Speaking skills

1-Identify the naming words from the picture.
2-Identify the action words from the same pictures
3-Make simple sentences using the action word and naming words about the picture
3-Make symbol description about the picture.
4- Growing sentences , picture reading, self introduction Assembly are also conducted

ACTIVITIES
- speech , book review, quiz riddles,self introduction. School radio etc

August and September

Develop the creative speaking and writing

Reading skills

1-News paper reading, library books reading, book review, reading breaking news,
2-find words.
3-collect and read past tense,
4-rhyming words,
5-describing words etc
6-Textbook activities

Writing skills
1-Make word web,
2-picture description with describing words,
3-word chain sentence chain,
4-make words,& sentences
5-make riddles, conversations,
4-Add more lines ,

ACTIVITIES - speech , book review, quiz riddles,self introduction. School radio ,makes description magazines etc

October and November

To express thoughts feelings etc

Reading skill

1-News paper reading, library books reading, book review, reading
2 -conversations, skit stories use ICT materials
3-Reads breaking news,
4--develop story,
5-Read notice

Writing skills

1-description ,
2-notice proclamation,
3-Thought
ACTIVITIES - speech quiz riddles,. School radio ,makes magazines, skits etc

December and January

1-Develop the creative speaking and writing
2-To express thoughts feelings etc

Reading skill

1-News paper reading, library books reading, book review, reading
2 -conversations, skit stories use ICT materials
3-Reads breaking news,
4--develop story,
5-Reads diary
6-Reads letters from friends

Writing skills

1-diary
2-letter
3-Announcement,

ACTIVITIES - speech quiz riddles,. School radio ,makes magazines, skits ,class room post office etc

February and march

To improve the presentation power

Reading skill
1-News paper reading, library books reading, book review, reading
2 -conversations, skit stories use ICT materials
3-Reads breaking news,
4--develop story,
5-Reads diary
6-Reads letters from friends

Writing skills

1-diary
2-letter
3-Announcement
4--description ,
5-notice proclamation,
6-Thought
ACTIVITIES - speech quiz riddles,. School radio ,makes magazines, skits ,class room post office ,Exibitionetc

## 15 പരീക്ഷണങ്ങൾ

### ലക്ഷ്യപ്രസ്താവനകൾ

ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു

അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.

വ്യത്യസ്ത ഉപകരണങ്ങൾ സൂക്ഷ്മത, കൃത്യത പാലിച്ച് കൊണ്ട് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു

യുക്തിചിന്ത വളർത്തുന്നു

### പ്രവർത്തനങ്ങൾ

പാഠ ഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സ്വയം ചെയ്യുന്നതിനും പുതിയത് രൂപകൽപന ചെയ്യു കയുംചെയ്യുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

CPTA

### സാമ്പത്തികം

SSK

PTA

( RS : 5000 )

## 16 ലഘു പ്രോജക്ട്

### ലക്ഷ്യപ്രസ്താവനകൾ

കുട്ടികളിൽ ശാസ്ത്ര ചിന്തയും യുക്തിചിന്തയും വളർത്തുക

### പ്രവർത്തനങ്ങൾ

കുട്ടികൾ നേരിടുന്ന പഠന പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്ത് നിരീക്ഷണം, താരതമ്യം, വർഗീകരണം, അപഗ്രഥനം എന്നീ ഘട്ടങ്ങളിലൂടെ നിഗമനത്തിലെത്തുവാൻ പ്രാപ്തരാകുന്നു.

നേരിടുന്ന പ്രശ്നങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

### സാമ്പത്തികം

PTA

SSK

(1000)

## 17 പരീക്ഷണക്കിറ്റ്

### ലക്ഷ്യപ്രസ്താവനകൾ

എല്ലാ കുട്ടികൾക്കും ശാസ്ത്രപരീക്ഷണങ്ങൾ സ്വന്തമായിചെയ്യുന്നതിന്

വ്യത്യസ്തമായ ഉപകരണങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നു.

ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക

### പ്രവർത്തനങ്ങൾ

എല്ലാ കുട്ടികളും പരീക്ഷണങ്ങൾ ചെയ്യാനുള്ള ഒരു കിറ്റ് സ്വന്തമായി ശേഖരിക്കുന്നു.

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായപരീക്ഷണങ്ങൾ പരീക്ഷണ കിറ്റുകൾ ഉപയോഗിച്ച് ഓരോരുത്തരും ചെയ്യുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

PTA

സാമ്പത്തികം : CPTA , SSK

( RS : 2000 )

## 18 രക്ഷിതാക്കൾക്ക് ശില്പശാല

### ലക്ഷ്യപ്രസ്താവന

പഠനത്തിൽ കുട്ടികളെ ക്രിയാത്മകമായി സഹായിക്കുക.

പാഠം ഭാഗങ്ങളും പാഠ വസ്തുതകളും സ്വയം തിരിച്ചറിഞ്ഞ് സ്വന്തം കുട്ടികളുടെ പഠനത്തിൽ സഹായിക്കുക.

### പ്രവർത്തനങ്ങൾ

പാഠഭാഗത്തിൽ വരുന്ന വ്യത്യസ്തമായ പ്രവർത്തനങ്ങൾ ചെയ്യേണ്ട വിധവും സംയുക്ത ഡയറി, സചിത്ര പുസ്തകം ഗണിത കിറ്റ്, ശാസ്ത്ര കിറ്റ് എന്നിവ തയ്യാറാക്കുന്ന വിധം രക്ഷിതാക്കൾക്ക് അവബോധമുണ്ടാക്കുന്നു.

കാലയളവ്

ജൂലൈ

ഒക്ടോബർ

ജനുവരി

### ചുമതലകൾ

SRG

HM

ക്ലാസ്ടീച്ചർ

### സാമ്പത്തികം

SSK

PTA

(8000)

# 19 വിജയ സ്പർശം

## ലക്ഷ്യ പ്രസ്താവനകൾ

എല്ലാ കുട്ടികളെയും എഴുത്തിലും വായനയിലും പ്രാപ്തരാക്കുക.

നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിത ക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക

## പ്രവർത്തനങ്ങൾ

സ്കൂൾ സമയത്തിന് പുറമെയുള്ള സമയം കണ്ടെത്തി പ്രയാസം നേരിടുന്ന കുട്ടികളെ ആവശ്യമായ കൈത്താങ്ങ് നൽകുക.

വർക്ക്ഷീറ്റുകളും പ്രവർത്തിച്ച് പഠിക്കാനുതകുന്ന മറ്റ് സാധനങ്ങളും പഠനത്തിനായി ഉപയോഗിക്കുന്നു.

കളിരീതിയിൽ കൂടിയുള്ള പഠനത്തിന് മുൻതൂക്കം നൽകുന്നു.

കാലയളവ് - ജൂൺ - ഫെബ്രുവരി

## ചുമതലകൾ

ക്ലാസ്ടീച്ചർ

SRG

## സാമ്പത്തികം

PTA

SSK

(5000)

## 20 പാനീയമേള

**ലക്ഷ്യപ്രസ്താവനകൾ**

ആഹാരം ആരോഗ്യത്തിന് എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട്

കടയിൽ നിന്ന് വാങ്ങുന്ന കുപ്പികളിൽ വാങ്ങുന്ന പാനീയങ്ങൾ ആരോഗ്യത്തിന് ഹാനീകരണമാണെന്ന് തിരിച്ചറിയുന്നതിന്

. ചുറ്റുപാടും ലഭ്യമായ സാധനങ്ങൾ ഉപയോഗിച്ച് ആരോഗ്യത്തിന് ഹാനികരമല്ലാത്ത പാനീയങ്ങൾ ഉണ്ടാക്കാമെന്ന് തിരിച്ചറിയുന്നതിന്.

**പ്രവർത്തനങ്ങൾ**

. SRG യുടെയും CPTA യുടെയും പിന്തുണയോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പാനീയമേള സംഘടിപ്പിക്കുന്നു

**ചുമതലകൾ**

ക്ലാസ് ടീച്ചർ

HM

**സാമ്പത്തികം** CPTA ( RS : 1000 )

## 21 ഭക്ഷ്യമേള

ലക്ഷ്യപ്രസ്താവനകൾ

പാഠഭാഗവുമായി ബന്ധപ്പെട്ട് നമ്മുടെ ദൈനംദിന ഭക്ഷണത്തിൽ എല്ലാ തരത്തിലുള്ള ആഹാരപദാർത്ഥങ്ങളും ഉൾപ്പെടുത്തണമെന്ന് തിരിച്ചറിയുന്നതിന് വേണ്ടി എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി ഭക്ഷ്യമേള സംഘടിപ്പിക്കുന്നു.

ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

## 22 പലഹാരമേള

ലക്ഷ്യപ്രസ്താവനകൾ

പല തരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്

- അവ ഉണ്ടാക്കുന്ന വിധം മനസ്സിലാകുന്നതിന്

- ലഘു പാചക കുറിപ്പുകൾ തയ്യാറാക്കുന്നതിന്.

-പാഠഭാഗവുമായി ബന്ധപ്പെട്ട് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി പലഹാര മേള സംഘടിപ്പിക്കുന്നു

ചുമതലകൾ : CPTA .ക്ലാസ്സ് ടീച്ചർ

സാമ്പത്തികം : ( RS : 1000 )

## 13 ഗണിത കേളികൾ

**ലക്ഷ്യപ്രസ്താവനകൾ**

കുട്ടികൾക്ക് ഗണിത കളികളിൽ താല്പര്യമുണ്ടാക്കുന്നു

ഗണിത പഠനത്തിൽ താല്പര്യമുണ്ടാക്കുന്നു

യുക്തിബോധം വളർത്തുന്നു.

**പ്രവർത്തനങ്ങൾ**

വ്യത്യസ്തമായ LO ക്ക് അനുയോജ്യമായ ഗണിതകളികളിൽ ഏർപ്പെടുന്നു.

കൂട്ടുകാരെ കണ്ടെത്താം.(സങ്കലനം)

ഡൊമിനോ കളികൾ (വ്യവകലനം)

ബോൾ കളി (ഗുണണം)

കാലാവധി - ജൂൺ - മാർച്ച്

**ചുമതലകൾ**

ക്ലാസ് ടീച്ചർ

SRG

**സാമ്പത്തികം**

CPTA ,

SSK ( RS : 2000 )

## 14 ഗണിത കിറ്റ്

### ലക്ഷ്യപ്രസ്താവനകൾ

ELPS മുഖേനെ ഗണിത ശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്

ഗണിതം ആസ്വാദ്യകരമാക്കുന്നതിന്

### പ്രവർത്തനങ്ങൾ

10ന്റെ കെട്ടുകൾ, മഞ്ചാടി, പുളിങ്കുരു, സ്ട്രോ, മുത്തുകൾ, സോഡാ കുപ്പിയുടെ അടപ്പുകൾ, കളിനോട്ടുകൾ എന്നിവ അടങ്ങിയ കിറ്റുകൾ എല്ലാ കുട്ടികളുടെ കയ്യിലും ഗണിത കിറ്റിൽ ഉൾപ്പെടുത്തുന്നു.

കാലയളവ് - ജൂൺ - മാർച്ച്

### ചുമതലകൾ

ടീച്ചർ

രക്ഷിതാവ്

### സാമ്പത്തികം

PTA

SSK ( RS : 3000 )

3.

# Acadamic Master Plan.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്റ്റ് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്: III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താത്പര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയ മറിഞ്ഞും ഒഴു ക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജറഅ | S S അ<br>S ങ ഇ |
| | വാർത്താവായനാ മത്സരം സംഘടി പ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യ | ടഠേളഉ |
| | വായനാക്യാമ്പു കൾ | 3 മാസത്തിൽ ഒന്ന് | S S അ | S S അ |
| | ബാല പ്രസിദ്ധീ കരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹമൈ ഠലമരവല്യ | S ങ ഇ |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| [illegible] ആശയ [illegible] ഒഴു [illegible]യും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | ജ൦അ | ട ട അ<br>ട ങ ള |
| | വാർത്താവായനാ മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ഠലമരവല്യഎ | ടഋാളഋ |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | ട ട അ | ട ട അ |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ഇഹാമെ ഠലമരവല്യ | ട ങ ള |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ രൂപവും തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും<br>നിർമാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| [illegible] തിരിച്ച [illegible] | ഒറിഗാമി ശില്പ ശാല<br>രസകരമായി ഗണി തപഠനവും നിർമാണ പ്രവർ ത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മി ക്കൽ, പ്രദർശിപ്പി ക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ...ഗണിതം ലളിത ...മാക്കാം കളികളി ലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

Acadamic Master Plan.

## മലയാള ഭാഷ (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മധുരം മലയാളം** | | | | |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചായങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
